(സി) കോഴിക്കോട് നഗരത്തിൽമാത്രം നടപ്പിലാക്കിവന്ന പ്രസ്തുത പദ്ധതി മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽകൂടി വ്യാപിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ അധിക തുക നീക്കിവച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) നടപ്പിലാക്കിവരുന്നു.

(ബി) കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ നടപ്പാക്കിവരുന്നു.

(സി) പദ്ധതി നടത്തിപ്പിനായി ലഭിച്ച ബഡ്ജറ്റ് വിഹിതം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതം
1	2010-11	1,00,00,000
2	2011-12	....
3	2012-13	60,00,000
4	2013-14	1,40,00,000
5	2014-15	1,80,00,000
6	2015-16	1,90,00,000

ഹെവിഡ്യൂട്ടിഡ്രൈവർമാരുടെ ഒഴിവുകൾ

97 (1465) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കണ്ണൂർ ജില്ലയിലെ നഗരസഭകളിൽ ഹെവി ഡ്യൂട്ടി ഡ്രൈവർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; അവ നഗരസഭ തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി അറിയിക്കുമോ ;

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ നഗരസഭകളിൽ ഹെവിഡ്യൂട്ടി ഡ്രൈവർമാരുടെ 6 ഒഴിവുകൾ നിലവിലുണ്ട്. നഗരസഭ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

കണ്ണൂർ നഗരസഭ	- 1
പയ്യന്നൂർ നഗരസഭ	- 1
കൂത്തുപറമ്പ് നഗരസഭ	- 1
തലശ്ശേരി നഗരസഭ	- 3

(ബി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത തീയതി 17-11-2007.

(സി) ബാധകമല്ല.

പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും

100 (1468) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, പുതിയതായി എത്ര കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും അനുവദിച്ചിട്ടുണ്ട് ; ഏതൊക്കെ ;

(ബി) പുതുതായി അനുവദിച്ച പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ അനുവദിച്ചതുവഴി സർക്കാരിന് എത്ര കോടി രൂപയുടെ അധിക ബാധ്യതവരും എന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കുമോ ?

ഉത്തരം

(എ) ഒരു കോർപ്പറേഷനും 32 മുനിസിപ്പാലിറ്റികളും അനുവദിച്ചിട്ടുണ്ട്. പുതിയ മുനിസിപ്പാലിറ്റികളും കോർപ്പറേഷനും രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഇല്ല. 2015 നവംബർ ഒന്നാം തീയതി പ്രാബല്യത്തിൽ വരത്തക്കവിധമാണ് പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

(സി) കണക്കാക്കിയിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly